**പതിനാലാം കേരള നിയമസഭ**

**ഏഴാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 690 — 08.08.2017 -ൽ മറുപടിക്ക്

## വിനോദസഞ്ചാര പദ്ധതികൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. പി.ടി. തോമസ്<br>ശ്രീ. കെ.എസ്. ശബരീനാഥൻ<br>ശ്രീ. അൻവർ സാദത്ത്<br>ശ്രീ. വി.ഡി. സതീശൻ | ശ്രീ. കടകംപള്ളി സുരേന്ദ്രൻ<br>(സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പ മന്ത്രി) |
| എ) സംസ്ഥാനത്തെ ടൂറിസം പദ്ധതികൾ വേഗത്തിലാക്കുവാൻ ജനസമിതികൾ രൂപീകരിക്കുവാൻ തീരുമാനിച്ചിട്ടുണ്ടോ; വിശദാംശം വ്യക്തമാക്കാമോ; | എ) വിനോദസഞ്ചാര വകുപ്പ് സംസ്ഥാനത്ത് നടപ്പിലാക്കുന്ന പദ്ധതികളുടെ സമയബന്ധിതമായ പൂർത്തീകരണം ലക്ഷ്യമിട്ട് അസംബ്ലി/നിയോജക മണ്ഡലാടിസ്ഥാനത്തിൽ മോണിറ്ററിംഗ് കമ്മിറ്റി രൂപീകരിച്ച് 16.5.2017 ലെ സ.ഉ. (സാധാ) നം. 232/2017/ടൂറിസം പ്രകാരം ഉത്തരവായിട്ടുണ്ട്. |
| ബി) തദ്ദേശവാസികൾക്ക് പ്രയോജനപ്പെടുന്ന ഉത്തരവാദിത്വ ടൂറിസത്തിന് പ്രത്യേക മിഷൻ രൂപീകരണം ഏത് ഘട്ടത്തിലാണ്; | ബി) 23.06.2017 ലെ സ.ഉ. (എം.എസ്) നം.12/2017/ടൂറിസം പ്രകാരം ഉത്തരവാദിത്ത ടൂറിസം മിഷൻ രൂപീകരിച്ച് ഉത്തരവായിട്ടുണ്ട്. |
| സി) ടൂറിസം കേന്ദ്രങ്ങളെ ഭിന്നശേഷി സൗഹൃദമാക്കുന്നതിന് പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടോ എന്നറിയിക്കാമോ? | സി) ഭിന്നശേഷിക്കാർക്കായി ടൂറിസം കേന്ദ്രങ്ങളെ അനുഭവവേദ്യമാക്കാൻ തക്കമുള്ള ഭിന്നശേഷി ടൂറിസ്റ്റ് സൗകര്യങ്ങൾ ഒരുക്കുന്നതിന് പ്രത്യേക പരിഗണന നൽകുന്നുണ്ട്. ഭിന്നശേഷി സൗഹൃദ ടോയ് ലറ്റുകൾ, റാമ്പുകൾ, നടപ്പാതകൾ, വിശ്രമമുറികൾ, പ്രത്യേക പാർക്കിംഗ് മേഖലകൾ എന്നിവ ഒരുക്കുന്നതിനാണ് പ്രത്യേക പരിഗണന നൽകുന്നത്. ഇതിനായി ഓരോ ടൂറിസം കേന്ദ്രങ്ങളുടെയും ഭൂമിശാസ്ത്രപരമായ പ്രത്യേകതകൾ, നിലവിലെ അടിസ്ഥാന സൗകര്യങ്ങൾ, വരുത്തേണ്ടതായ മാറ്റങ്ങൾ എന്നിവയെ സംബന്ധിച്ച വിശദമായ പരിശോധന ആരംഭിച്ചിട്ടുണ്ട്. സംസ്ഥാനത്ത് നടപ്പിലാക്കി വരുന്ന ' ഗ്രീൻ കാർപ്പറ്റ് ' പദ്ധതിയിൽ അടിസ്ഥാന സൗകര്യങ്ങൾ വിപുലീകരിക്കുന്നതോടൊപ്പം ഭിന്നശേഷി സൗഹൃദ സൗകര്യങ്ങൾ കൂടി ഉൾപ്പെടുത്തുന്നതിന് ലക്ഷ്യമിടുന്നു. |

സെക്ഷൻ ഓഫീസർ